**Malayala Manorama**

**19 August 2018**

**Karumaloor, Alanghad, Flood Victims**

# വീടിന് മുകളിൽ ആയിരങ്ങൾ

കരുമാല്ലൂർ, ആലങ്ങാട് മേഖലയിൽ ഇന്നലെ രാവിലെ മുതൽ സന്നദ്ധ സംഘടനകളുടെയും സുരക്ഷാസേനയുടെയും നേതൃത്വത്തിൽ വീടുകളിലും ക്യാംപുകളിലും കുടുങ്ങിയവർക്കു ഭക്ഷണം എത്തിക്കുന്നുണ്ടെങ്കിലും രക്ഷാപ്രവർത്തനം കാര്യക്ഷമമല്ല എന്ന പരാതിയുണ്ട്. പല സ്ഥലങ്ങളിലും ദുരിതാശ്വാസ ക്യാംപുകൾ ഒറ്റപ്പെട്ടുകിടക്കുന്നു. കൂടാതെ ആയിരക്കണക്കിനാളുകൾ വീടുകളുടെ മുകളിലും കുടുങ്ങി കിടക്കുന്നുണ്ട്. ഇവർക്കു വെള്ളവും മരുന്നുമില്ല. ആലങ്ങാട് തിരുവാല്ലൂരിൽ ദുരിതാശ്വാസ ക്യാംപിൽ കുടുങ്ങിക്കിടന്ന മൂന്നു ഗർഭിണികളായ സ്ത്രീകളെ സുരക്ഷാവിഭാഗം ഹെലികോപ്ടറിൽ എത്തി രക്ഷപ്പെടുത്തി.